# ഇ-ഡിസ്ട്രിക്ട് പദ്ധതി കേരളത്തിൽ സമ്പൂർണ്ണം
# **പ്രഖ്യാപനം 26 ന് മുഖ്യമന്ത്രി നിർവ്വഹിക്കും**

ഇ-ഡിസ്ട്രിക്റ്റ് പദ്ധതിയുടെ ആദ്യഘട്ടമായി റവന്യൂ വകുപ്പ് വിതരണം ചെയ്യുന്ന വിവിധ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ ലഭ്യത ഇ-ഡിസ്ട്രിക്റ്റ് പദ്ധതി സംസ്ഥാനത്ത് സമ്പൂർണ്ണമായി നടപ്പിലാക്കിയതിന്റെ ഔപചാരിക പ്രഖ്യാപനം മാർച്ച് 26 ന് മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി നിർവ്വഹിക്കും. കോ-ബാങ്ക് ടവേഴ്സിൽ നടക്കുന്ന ചടങ്ങിൽ ഐ ടി വകുപ്പ് മന്ത്രി ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി അദ്ധ്യക്ഷത വഹിക്കും. റവന്യൂ സർട്ടിഫിക്കറ്റുകളുടെ വിതരണം റവന്യൂ വകുപ്പു മന്ത്രി ശ്രീ. അടൂർ പ്രകാശ് നിർവ്വഹിക്കും.

കേന്ദ്ര സർക്കാരിന്റെ ദേശീയ ഇ-ഗവേണൻസ് (എൻഇജിപി) പദ്ധതിപ്രകാരം കണ്ണൂർ, പാലക്കാട് ജില്ലകളിൽ നടപ്പിലാക്കിയ പൈലറ്റ് പദ്ധതിയുടെ വിജയത്തെത്തുടർന്ന് 2012 ഡിസംബർ മുതൽ ഇ-ഡിസ്ട്രിക്റ്റ് പദ്ധതി വിവിധ ജില്ലകളിൽ നടപ്പിലാക്കുന്നതിനുള്ള ഊർജ്ജിതമായ ശ്രമങ്ങൾ സംസ്ഥാന ഐ ടി വകുപ്പ് ആരംഭിക്കുകയുണ്ടായി.

നോഡൽ ഏജൻസിയായ ഐ ടി മിഷന്റെ നേതൃത്വത്തിൽ ഇ-ഡിസ്ട്രിക്റ്റ് പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 2012 ഡിസംബർ 4 ന് മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി പത്തനംതിട്ടയിൽ നിർവ്വഹിച്ചുകൊണ്ട്. പത്തനംതിട്ട, മലപ്പുറം, കോട്ടയം ജില്ലകളെ ഇ-ഡിസ്ട്രിക്റ്റുകളായി പ്രഖ്യാപിക്കുകയുണ്ടായി. തുടർന്ന 2013 ഫെബ്രുവരി 23 (എറണാകുളം) ഫെബ്രുവരി 28 (ഇടുക്കി) മാർച്ച് 2 (ആലപ്പുഴ), മാർച്ച് 14 (വയനാട്), മാർച്ച് 23(കാസർഗോഡ്), മാർച്ച് 24(കോഴിക്കോട്, തൃശ്ശൂർ), മാർച്ച് 25 (കൊല്ലം), ജില്ലകളിൽ യഥാക്രമം ഇ-ഡിസ്ട്രിക്റ്റ് പദ്ധതി നിലവിൽ വന്നു. മാർച്ച് 26 ന് തലസ്ഥാന ജില്ലയിലും ഇ-ഡിസ്ട്രിക്റ്റ് പദ്ധതി നിലവിൽ വരുന്നതോടെ എല്ലാ ജില്ലകളും ഇ-ഡിസ്ട്രിക്റ്റ് പദ്ധതിയിൻകീഴിൽ വരുന്ന പ്രഥമ ഇന്ത്യൻ സംസ്ഥാനമായി കേരളം മാറുകയാണ്. കേന്ദ്ര സർക്കാർ ദേശീയതലത്തിൽ ഇ-ഡിസ്ട്രിക്റ്റ് പദ്ധതി നടപ്പിലാക്കുന്നതിന് തെരഞ്ഞെടുത്ത 50 ജില്ലകളിൽ പതിനാലെണ്ണവും കേരളത്തിലാണെന്ന സവിശേഷതയ്ക്കു പുറമേ നിശ്ചയിച്ചതിലും വളരെ കുറഞ്ഞ കാലത്തിനുള്ളിൽ എല്ലാ ജില്ലകളിലും ഇ-ഡിസ്ട്രിക്റ്റ് പദ്ധതി യാഥാർത്ഥ്യമാക്കിയ സംസ്ഥാനമെന്ന ബഹുമതിയും ഇനി കേരളത്തിന് സ്വന്തം.

14 ജില്ലകളിലും ഇ-ഡിസ്ട്രിക്റ്റ് പദ്ധതി നടപ്പിലാക്കുന്നതിന് മൂന്നുവർഷമാണ് കാലാവധി നിശ്ചയിച്ചിരുന്നത്. എന്നാൽ വിവിധ വകുപ്പുകളുടെയും ഏകോപനവും സാങ്കേതിക സംവിധാനങ്ങളും അനുബന്ധ അടിസ്ഥാന സൗകര്യങ്ങളും പതിവിലും വേഗത്തിൽ ലഭ്യമാക്കിയതുമൂലം മൂന്നര മാസങ്ങൾക്കുള്ളിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളേയും ഇ-ഡിസ്ട്രിക്റ്റ് പദ്ധതിയിൻകീഴിൽ കൊണ്ടുവരുന്നതിന് സംസ്ഥാന ഐ ടി മിഷനു കഴിഞ്ഞു.

റവന്യൂ വകുപ്പ് വിതരണം ചെയ്തുവരുന്ന 23 സർട്ടിഫിക്കറ്റുകൾക്കുള്ള അപേക്ഷ സൗകര്യപ്രദമായ പൊതുജന സേവന (അക്ഷയ) കേന്ദ്രങ്ങൾ വഴി ഓൺലൈനിൽ സമർപ്പിക്കാവുന്നതാണ്. കേരളത്തിലെ ഏതു വില്ലേജാഫീസിൽ നിന്നുമുള്ള റവന്യൂ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി എവിടെ നിന്നും അവധി ദിവസങ്ങളിലുൾപ്പെടെ ഏതു സമയത്തും അപേക്ഷ അയക്കാവുന്നതാണ്. പ്രസ്തുത അപേക്ഷകൾ

ഓൺലൈനായി പരിശോധിക്കുന്നതിനും റവന്യൂ സർട്ടിഫിക്കറ്റുകൾ വില്ലേജോഫീസറുടെ ഡിജിറ്റൽ കൈയ്യൊപ്പോടെ ഓൺലൈനായി വിതരണം ചെയ്യുന്നതിനും ഇ-ഡിസ്ട്രിക്റ്റ് പദ്ധതി ഉപകരിക്കുന്നു. ഒരുതവണ അപേക്ഷ നൽകിക്കഴിയുമ്പോൾ അപേക്ഷകന് എസ് എം എസ് സന്ദേശത്തിലൂടെ ലഭിക്കുന്ന സർട്ടിഫിക്കറ്റ് കോഡ് ഉപയോഗിച്ച് റവന്യു സർട്ടിഫിക്കറ്റിന്റെ എത്ര പ്രിന്റുകൾ വേണമെങ്കിലും ഏതു സമയത്തും എടുക്കാമെന്നത് ഈ സേവനത്തിന്റെ പ്രത്യേകതയാണ്.

ഇ-ഡിസ്ട്രിക്റ്റ് പദ്ധതിയുടെ കുറ്റമറ്റ നടത്തിപ്പിനായി വിപുലമായ സാങ്കേതിക സൗകര്യങ്ങളും അനുബന്ധ സേവനങ്ങളുമാണ് ഐ ടി മിഷൻ നടപ്പിലാക്കിയിട്ടുള്ളത്. കേരളത്തിലെ വില്ലേജോഫീസുകൾ സമ്പൂർണ്ണമായും കമ്പ്യൂട്ടർവത്ക്കരിച്ച് അതാതു വില്ലേജോഫീസർമാർക്ക് ഇന്റർനെറ്റ് സൗകര്യത്തോടുകൂടിയ ആയിരത്തിലധികം ലാപ്ടോപ്പുകൾ വിതരണം ചെയ്തുകൊണ്ട് സർക്കാർ സേവനമേഖലയിൽ ഒരു പുതിയ തൊഴിൽ സംസ്ക്കാരത്തിനു തന്നെ തുടക്കം കുറിക്കുന്നതിനും കഴിഞ്ഞു. കൂടാതെ ജീവനക്കാർക്കാവശ്യമായ പരിശീലനവും സാങ്കേതിക സഹായവും നൽകുന്നതിന് മിഷൻ കോ-ഓർഡിനേറ്ററുടെ നേതൃത്വത്തിൽ പ്രത്യേക ടീം തന്നെ ഐ ടി മിഷനിൽ പ്രവർത്തിക്കുന്നു.

# ഇ-ഡിസ്ട്രിക്ട് പദ്ധതി - കുറിപ്പ്

വിവിധ സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് സൗകര്യപ്രദമായി വീടിനടുത്തുള്ള പൊതുജനസേവന (അക്ഷയ) കേന്ദ്രങ്ങൾവഴി ഓൺലൈനായി ലഭ്യമാക്കുന്നതാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി. വിവിധ വകുപ്പുകളിൽ നടപ്പിലാക്കിയ കമ്പ്യൂട്ടർവൽക്കരണത്തിന്റെ മികവ് പരമാവധി പ്രയോജനപ്പെടുത്തി സുതാര്യമായും നിഷ്പക്ഷമായും വേഗത്തിലും സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ബന്ധപ്പെട്ട ഓഫീസുകളിൽ പലതവണ കയറിയിറങ്ങാതെ വിവിധ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതുൾപ്പെടെയുള്ള സേവനങ്ങളാണ് ഈ കേന്ദ്രത്തിലൂടെ ലഭിക്കുക.

സാങ്കേതിക രംഗത്ത് കേരളം കൈവരിച്ച നേട്ടങ്ങൾ സാധാരണജനങ്ങൾക്കും പ്രയോജനപ്പെടുന്ന വിധത്തിൽ കേന്ദ്ര സർക്കാരിന്റെ ദേശീയ ഇ-ഗവേണൻസ് (എൻഇജിപി) പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി രാജ്യത്തെ 34 ജില്ലകളെ ഇ-ഡിസ്ട്രിക്ട് പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെട്ടിരുന്നു. ഇതുപ്രകാരം കേരളത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ കണ്ണൂർ, പാലക്കാട് ജില്ലകളെയാണ് ഇ-ഡിസ്ട്രിക്ട് പദ്ധതിക്കായി തെരഞ്ഞെടുത്തിരുന്നത്. പരീക്ഷണാടിസ്ഥാനത്തിൽ ഇ-ഡിസ്ട്രിക്ട് പദ്ധതി കണ്ണൂർ ജില്ലയിൽ 2010 ഡിസംബർ, 17 നും, പാലക്കാട് ജില്ലയിൽ 2011 ഫെബ്രുവരി, 8 നും ആരംഭിക്കുകയുണ്ടായി. ഈ രണ്ടു ജില്ലകളിലായി ഇതിനോടകം ലഭിച്ച 14 ലക്ഷത്തിൽപ്പരം അപേക്ഷകളിന്മേൽ ഇതിനോടകം തീരുമാനമെടുത്ത് റവന്യൂ അധികാരികളുടെ ഡിജിറ്റൽ കൈയ്യൊപ്പോടുകൂടി റവന്യൂ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തുകഴിഞ്ഞു. പൈലറ്റ് പദ്ധതിയുടെ വിജയത്തെത്തുടർന്ന് 2012 ഡിസംബർ മുതൽ ഇ-ഡിസ്ട്രിക്റ്റ് പദ്ധതി വിവിധ ജില്ലകളിൽ നടപ്പിലാക്കുന്നതിനുള്ള ഊർജ്ജിതമായ ശ്രമങ്ങൾ ഐ ടി വകുപ്പ് ആരംഭിക്കുകയുണ്ടായി. 14 ജില്ലകളിലും ഇ-ഡിസ്ട്രിക്റ്റ് പദ്ധതി നടപ്പിലാക്കുന്നതിന് 3 വർഷമാണ് കാലാവധി നിശ്ചയിച്ചിരുന്നത്. എന്നാൽ വിവിധ വകുപ്പുകളുടെ ഏകോപനവും സാങ്കേതിക സംവിധാനങ്ങളും അനുബന്ധ അടിസ്ഥാന സൗകര്യങ്ങളും പതിവിലും വേഗത്തിൽ ലഭ്യമാക്കിയതുമൂലം മൂന്നര മാസങ്ങൾക്കുള്ളിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളേയും ഇ-ഡിസ്ട്രിക്റ്റ് പദ്ധതിയിൻകീഴിൽ കൊണ്ടുവരുന്നതിനു നോഡൽ ഏജൻസിയായ ഐ ടി മിഷനു കഴിഞ്ഞു.

ഇ-ഡിസ്ട്രിക്ട് പദ്ധതി വഴി ഓൺലൈനായി പൊതുജനങ്ങൾക്കു ലഭ്യമാക്കുന്ന സർട്ടിഫിക്കറ്റുകൾ എല്ലാം തന്നെ ഡിജിറ്റൽ ഒപ്പോടുകൂടിയാണ് നൽകുന്നത്. ഇത്തരത്തിൽ നൽകിവരുന്ന സർട്ടിഫിക്കറ്റുകളുടെ ആധികാരികതയും ഔദ്യോഗിക അംഗീകാരവും ഉറപ്പുവരുത്തുന്നതിനായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഒൻപതു സർക്കാർ വകുപ്പുകളിലെ നാൽപ്പത്തിയാറ് സേവനങ്ങളാണ് പൈലറ്റ് ജില്ലകളിൽ നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിരുന്നത്. അവയിൽ റവന്യൂ വകുപ്പിന്റെ 23 സർട്ടിഫിക്കറ്റ് സേവനങ്ങളാണ് ഇപ്പോൾ ലഭ്യമാകുന്നത്.

കേരളത്തിലെ പൊതുജന സേവനകേന്ദ്രങ്ങളായ അക്ഷയ കേന്ദ്രങ്ങളിലൂടെയാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പിലാകുന്നത്. ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടിയും കേരളത്തിലാകമാനം വ്യാപിപ്പിക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിലും സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഇ-ഗവേണൻസ് സൊസൈറ്റി

(DeGS) കൾ രൂപീകൃതമായിട്ടുണ്ട്. കേന്ദ്ര ഐ ടി വകുപ്പിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ (DIT Guidelines) പ്രകാരമാണ് ഇവ രൂപീകരിച്ചിരിക്കുന്നത്. ജില്ലകളിൽ അതാത് ജില്ലാ കളക്ടർമാർ ചെയർമാനായി രൂപീകൃതമായിട്ടുള്ള ഡിസ്ട്രിക്ട് ഇ-ഗവേണൻസ് സൊസൈറ്റി (DeGS)കളുടെ മേൽനോട്ടത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

ഇ - ഡിസ്ട്രിക്ട് പദ്ധതിയിലൂടെ ഓൺലൈനായി അപേക്ഷിക്കുന്നതിന് പൊതുവായ ഒരു അപേക്ഷാ ഫോറമാണുള്ളത്. ജാതി, സമുദായം തുടങ്ങി 23 റവന്യൂ സർട്ടിഫിക്കറ്റുകൾക്കായി പൊതുജനത്തിന് അക്ഷയ കേന്ദ്രം വഴി പ്രസ്തുത അപേക്ഷാ ഫോമിലൂടെ അപേക്ഷിക്കാവുന്നതാണ്. ഓൺലൈനായി അപേക്ഷ സമർപ്പിക്കുമ്പോൾ അനുബന്ധ രേഖകളായി മറ്റു തിരിച്ചറിയൽ രേഖകൾ (എസ് എസ് എൽ സി, ഡ്രൈവിംഗ് ലൈസൻസ്, റേഷൻ കാർഡ്, പാൻ കാർഡ്, വോട്ടർ ഐഡി കാർഡ്) മുതലായവ സ്കാൻ ചെയ്ത് നൽകുന്നതിലൂടെ ഇതിന്റെ സുതാര്യത ഉറപ്പുവരുത്തുവാൻ സാധിക്കുന്നു. അവിടെ നിന്നും അപേക്ഷകൾ അക്ഷയകേന്ദ്രങ്ങൾ അതാതു വില്ലേജ് ഓഫീസർക്ക് ഓൺലൈനായി അയച്ചുകൊടുക്കുന്നു. എസ് എസ് എൽ സി, ഡ്രൈവിംഗ് ലൈസൻസ്, റേഷൻ കാർഡ്, പാൻ കാർഡ്, വോട്ടർ ഐ ഡി കാർഡ് എന്നീ രേഖകളുമായി ഒത്തുനോക്കി പരിശോധിച്ചതിനുശേഷം വില്ലേജ് ഓഫീസർ പ്രസ്തുത അപേക്ഷ ബന്ധപ്പെട്ട താലൂക്കോഫീസർക്ക് പരിശോധനക്കായി അയച്ചുകൊടുക്കുന്നു. പരിശോധനക്കു ശേഷം താലൂക്ക് ഓഫീസർ ഡിജിറ്റൽ കൈയ്യൊപ്പോടെ സർട്ടിഫിക്കറ്റിന് അംഗീകാരം നൽകി അതാത് അക്ഷയ സെന്ററിന് തിരികെ നൽകും. അപേക്ഷകർക്ക് ഇതു സംബന്ധിച്ച അറിയിപ്പ് എസ്എംഎസ് സംവിധാനത്തിലൂടെ ലഭിക്കുകയും ചെയ്യും. ഇങ്ങനെ ലഭിക്കുന്ന സർട്ടിഫിക്കറ്റ് കോഡ് ഉപയോഗിച്ച് അപേക്ഷകർക്ക് അവരുടെ സർട്ടിഫിക്കറ്റുകളുടെ പ്രിന്റൗട്ട് എടുക്കാം.

കേരളത്തിൽ ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പിലാക്കുന്നതിന്റെ ചുമതല സംസ്ഥാന ഐ ടി മിഷനാണ്. നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ സഹായത്തോടുകൂടിയാണ് ഇ പദ്ധതിയുടെ സോഫ്റ്റ്‌വെയർ വികസിപ്പിച്ചിരിക്കുന്നത്. റവന്യൂ ജീവനക്കാർക്കും, അക്ഷയാ സംരംഭകർക്കും പ്രസ്തുത സോഫ്റ്റ്‌വെയറിൽ പരിശീലനം നൽകിയിട്ടുണ്ട്.